പത്രക്കുറിപ്പ്

14-7-2017

**മികച്ച ബാങ്ക് ലിങ്കേജ്:**

# കുടുംബശ്രീ സി.ഡി.എസുകൾക്ക് സംസ്ഥാന അവാർഡ്

തിരുവനന്തപുരം: 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കിയ സി.ഡി.എസുകൾക്ക് ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (നബാർഡ് ) നൽകുന്ന സംസ്ഥാന അവാർഡ് തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം സി.ഡി.എസിനും കൊല്ലം കോർപ്പറേഷൻ സി.ഡി.എസിനും ലഭിച്ചു.

കഠിനംകുളം സി.ഡി.എസ് ചെയർപേഴ്സൺ സൂസമ്മ ജോൺസൺ കൊല്ലം കോർപ്പറേഷൻ സി.ഡി.എസ് ചെയർപേഴ്സൺ ബീമാ.എസ് എന്നിവർക്ക് മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് അവാർഡ് സമ്മാനിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം കഠിനംകുളം സി.ഡി.എസ് 215 ഉം കൊല്ലം കോർപ്പറേഷൻ 256 ഉം സി.ഡി.എസുകളെ ബാങ്കിൽ ലിങ്ക് ചെയ്തിട്ടുണ്ട്. കാർഷിക സൂക്ഷ്മസംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ട വനിതകളുടെ തൊഴിലും ഉപജീവനവും മെച്ചപ്പെടുത്തുന്നതിനാണ് ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നത്.

ജനറൽ മാനേജർ കെ.എസ്.എം ലക്ഷ്മി സ്വാഗതം പറഞ്ഞു. നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. സുന്ദർ, ഇൻഡ്യൻ ബാങ്ക് സോണൽ മാനേജർ സുന്ദർരാജ്, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ റീജിയണൽ മാനേജർ പ്രമോദ് കുമാർ സോനി, കേരള ഗ്രാമീൺ ബാങ്ക് ചെയർമാൻ രവിശങ്കർ എന്നിവർ പ്രസംഗിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ ബി.നാഗേഷ് കുമാർ നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ